# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## GLPS MEENARKUZHI

Scanned by Camera Scanner

# Profile

Name of School : GLPS Meenarkuzhi
Date of establishment : 1931
Name of village : kodur
Name of cluster : kuruva
Name of panchayat : kuruva
Name of block : Mankada
Name of BRC : Mankada
Name of district : Malappuram
Name of sub district ; Mankada
Name of HM : Faseehurehman valiyakath
Mobile Number : 9745201298
Senior Assistant : Sakkeenath. 9846468578
Email ID : Pazhamalloorglps@gmail.com
School code NO : 18634
Name of Taluk : Perinthalmanna

Scanned by Camera Scanner

# ആമുഖം

മലപ്പുറം ജില്ലയിലെ മങ്കട ഉപജില്ലയിൽ കുറുവ പഞ്ചായത്തിൽ ഇരു പത്തി രണ്ടാം വാർഡ് മീനാർകുഴിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയമാണ് മീനാർകുഴി ഗവൺമെന്റ് എൽ.പി സ്കൂൾ. ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിൽ ഒന്നാണിത്. പഞ്ചായത്തിൽ ഈ സ്കൂളടക്കം മൂന്ന് സർക്കാർ പ്രൈമറി സ്കൂളുകളാണുള്ളത്.

1931ൽ മീനാർകുഴിയുടെ വിദ്യാ കേന്ദ്രമായി നിരപ്പിൽ തുടങ്ങിയ സ്കൂൾ കാലവർഷക്കെടുതികളിൽ പെട്ട് നശിച്ചു പോയപ്പോൾ നാടിന്റെ ആശ്വാസവും അത്താണിയുമായിരുന്ന മുല്ലപ്പള്ളി മുഹമ്മദ് ഹാജി തന്റെ സ്വന്തം വീട്ടിൽ നാടിന്റെ വിദ്യാലയത്തിന് സൗകര്യമൊരുക്കി. പിന്നീട് തന്റെ 30 സെന്റ് സ്ഥലം സ്കൂളിന് വേണ്ടി നീക്കി വെക്കുകയും അതിൽ കാലത്തിനനുയോജ്യമായ അഞ്ച് ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടമൊരുക്കുകയും സ്കൂൾ അതിലേക്ക് മാറ്റുകയും ചെയ്തു. അങ്ങനെ 1964 മുതൽ കഴിഞ്ഞ അധ്യയന വർഷത്തിന്റെ അവസാനം വരെ മുഴുവൻ ക്ലാസ്സ് റൂമുകളും ഈ കെട്ടിടത്തിലാണ് പ്രവർത്തിച്ച് കൊണ്ടിരുന്നത്. കെട്ടിടത്തിന്റെ വാടക പഞ്ചായത്ത് നൽകികൊണ്ടിരിക്കുന്നു.

ആവശ്യമായ പല ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നതിൽ മീനാർകുഴിക്കാരുടെ അകമഴിഞ്ഞ സഹായങ്ങൾ സ്മരണീയമാണ്. വിദ്യാലയത്തിന്റെ ഫർണ്ണിച്ചറുകൾ, ടോയ്‌ലറ്റ് സൗകര്യം, വൈദ്യുതീകരണം, കുടിവെള്ളം എന്നിവയെല്ലാം ഡി.പി.ഇ.പി, എസ്.എസ്.എ ഫണ്ടുകളുപയോഗിച്ച് സജ്ജീകരിച്ചപ്പോൾ പി.ടി.എ യും മീനാർകുഴി ജനകീയ സാംസ്കാരിക സമിതിയും ചേർന്ന് ക്ലാസ്സ് റൂമുകളുടെ നിലം കാവി തേച്ചും ചുമർ പെയിന്റ് ചെയ്തും സുന്ദരമാക്കി.

പത്ത് പതിനേഴ് വർഷത്തോളം സ്കൂളിന് സ്വന്തമായി സ്ഥലം കണ്ടെത്താൻ നാട്ടുകാർ പരിശ്രമിക്കുകയും പല സ്ഥലങ്ങൾ വാങ്ങാനുള്ള പിരിവുകളും നടത്തുകയും അഡ്വാൻസ് വരെ കൊടുത്തെങ്കിലും പൂർണ്ണ വിജയത്തിലെത്താനായിരുന്നില്ല. അവസാനമായി സ്കൂളിന്റെ തൊട്ടടുത്ത് തന്നെ നാട്ടുകാരിൽ നിന്ന് സ്വരൂപിച്ച തുക ഉപയോഗിച്ച് 34 സെന്റ് സ്ഥലം കച്ചവടമാക്കാൻ അഡ്വൻസ് കൊടുത്ത് ഉറച്ച് നിൽക്കുമ്പോഴാണ് മുല്ലപ്പള്ളി കുഞ്ഞാലന്റേയും പി.ടി.എ യുടേയും ശ്രമഫലമായി മുല്ലപ്പള്ളി മുഹമ്മദ് ഹാജി തന്റെ മക്കളുടെ സാന്നിധ്യത്തിൽ അവരുടെ സമ്മതത്തോടെ 20 സെന്റ് സ്ഥലം സ്കൂളിന് വേണ്ടി വിട്ട് തന്നത്. അന്നത്തെ കുറുവ പഞ്ചായത്ത് പ്രസിഡന്റും സ്കൂളിന്റെ പൂർവ്വ വിദ്യാർഥിയുമായ മുല്ലപ്പള്ളി യൂസുഫിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം താൽപര്യമെടുത്ത് സ്കൂൾ കെട്ടിട നിർമ്മാണത്തിന് 55 ലക്ഷവും ചുറ്റുമതിലിന് 5 ലക്ഷവും ബസ്സിന് വേണ്ടി 10 ലക്ഷവും നീക്കിവെച്ചതനുസരിച്ച് ഏറെ കുറെ ഒരു നില കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായി. റോഡിൽ നിന്നും വളരെ താഴ്ന്ന് കിടന്നിരുന്ന സ്ഥലം വിദ്യാലയത്തിന് അനുയോജ്യമായ രീതിയിൽ സജ്ജമാക്കാൻ വലിയ തുക ചെലവാക്കേണ്ടി വന്നതിനാൽ പഞ്ചായത്ത് നീക്കി വെച്ച ഫണ്ട് കൊണ്ട് ഉദ്ദേശിച്ച നിലയിൽ എത്തിക്കാനായില്ല.

പിന്നീട് അന്നത്തെ എം.എൽ.എ ടി.എ അഹ്മദ് കബീർ സാഹിബിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒന്നാം നില നിർമാണത്തിന് 50 ലക്ഷം അനുവദിച്ചെങ്കിലും ഗ്രൗണ്ട് ഫ്ളോർ പൂർത്തീകരണത്തിലുണ്ടായിരുന്ന ചില സാങ്കേതിക തടസ്സങ്ങൾ കാരണം അൽപകാലം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചു നിന്നു. പിന്നീട് നിലവിലെ പഞ്ചായത്ത് പ്രസിഡണ്ട് നസീറ മോൾ പാലപ്രയുടെ നേതൃത്തിലുള്ള ഭരണ സമിതി മുൻ കയ്യെടുത്ത് ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ ഫണ്ട് അനുവദിച്ചതിനാൽ ബിൽഡിംഗ് വർക്കുകൾ വളരെ വേഗത്തിൽ പൂർത്തിയായി. അങ്ങനെ കഴിഞ്ഞ വർഷം ഗ്രൗണ്ട് ഫ്ളോറിൽ ക്ലാസ്സുകൾ ആരംഭിച്ചതോടെ പഴയ കെട്ടിടത്തിൽ രണ്ട് ക്ലാസ്സ് റൂമുകളും പാചക പുരയും മാത്രമായി ചുരുങ്ങി. ഇപ്പോൾ രണ്ട് കെട്ടിടത്തിലായാണ് പഠനം നടക്കുന്നത്.

തുടർന്ന് ഒന്നാം നില നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ നിലവിലെ എം.എൽ.എ മഞ്ഞളാം കുഴി അലി ഉദ്ഘാടനം ചെയ്തതോടെ കോൺട്രാക്ടർ മുസ്ഥഫ മുളയത്തിൽ പ്രത്യേക താൽപര്യത്തിൽ പ്രതീക്ഷിച്ചതിലും വേഗത്തിൽ പൂർത്തീകരിച്ചതിനാൽ സ്കൂൾ ഉദ്ഘാടത്തിന് സജ്ജമായിരിക്കുകയാണ്.

ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾക്കുള്ളിലും പ്രവേശനോത്സവം, ദിനാചരണങ്ങൾ, വാർഷികാഘോഷങ്ങൾ തുടങ്ങിയ പരിപാടികളെല്ലാം പി.ടി.എ യുടേയും ക്ലബ്ബുകളുടേയും പൂർവ്വവിദ്യാർഥികളുടേയും സഹകരണത്തോടെ ഭംഗിയായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകളും മാനസിക ഉല്ലാസങ്ങൾക്ക് ഉതകുന്ന പഠന വിനോദ യാത്രകളും സംഘടിപ്പിക്കാറുണ്ട്. വിദ്യാരംഗം, വിവിധ മേഖലകളിലെ ശിൽപ ശാലകൾ, മോക്ക് പാർലമെന്റ്, ബുൾബുൾ യൂണിറ്റ്, ശാസ്ത്രോൽസവം, കലാ കായികോത്സവങ്ങളിലെ ഉന്നത നേട്ടങ്ങൾ എല്ലാം ഈ വിദ്യാലത്തിന്റെ മികവ് ഉയർത്തിപ്പിടിക്കുന്നു.

കാലങ്ങളായി ജി.എൽ.പി സകൂൾ പഴമള്ളൂർ എന്നായിരുന്നു സ്കൂളിന്റെ പേര്. ദേശത്തിന്റെ പേരിലേക്ക് തന്നെ മാറ്റപ്പെടണമെന്ന നാട്ടുകാരുടെ ഏറെ നാളത്തെ ആഗ്രഹം പഞ്ചായത്തിന്റെയും പി.ടി.എയുടെയും നിരന്തര ശ്രമഫലമായി 2020 ആഗസ്റ്റ് മാസത്തോടെ സഫലമായി. ഇപ്പോൾ "ജി.എൽ.പി സ്കൂൾ പഴമള്ളൂർ" എന്നത് "ജി.എൽ.പി സ്കൂൾ മീനാർക്കുഴി" എന്നറിയപ്പെടുന്നു.

2021-22 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഒരു മിനി ബസ് അനുവദിച്ചതിനാൽ വാഹന സൗകര്യമില്ലാതിരുന്ന സ്കൂളിന് അതും സഫലമായി. രക്ഷിതാക്കളുടെ പരിപൂർണ്ണ സഹകരണത്താൽ അത് നല്ല നിലക്ക് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു

Scanned by Camera Scanner

# അധ്യാപകരും ചുമതലകളും

| അധ്യാപകന്റെ പേര് | ചുമതല |
| --- | --- |
| ① സക്കീനത്ത് | അസംബ്ലി, അച്ചടക്കം<br>CWSN, ആരോഗ്യ ക്ലബ്ബ്. |
| ② നുസ്രത്ത്. എം | പരിസ്ഥിതി ക്ലബ്.<br>സ്കൂൾ സുരക്ഷാ സമിതി<br>PSITC<br>English ക്ലബ്ബ്<br>Digital documentation. |
| ③ മുഫീദ. ടി | വിദ്യാരംഗം<br>MTA ലീഡർ<br>SRG കൺവീനർ |
| ④ റുബീന. പി | School Bus<br>വിജയസ്പർശം<br>Maths club. |
| ⑤ ഷഹർബാനു | ദിനാചരണം<br>Staff Secretary<br>Bulbul<br>Noon meal |

Scanned by Camera Scanner

| | |
|---|---|
| (6) മുജീബ് | ലൈബ്രറി<br>സ്പോർട്സ്<br>പഠനയാത്ര |
| (7) അനുശ്രീ | G.k club<br>Science club |
| നുസ്റത്ത്, ഷഹർബാനു | കലാമേള |
| റുബീന, അനുശ്രീ | ശാസ്ത്രമേള |
| | |

Scanned by Camera Scanner

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി<br>ഹാൾ | 8<br>NIL | 2<br>1 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 6 | |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | |
| കിണർ | NIL | |
| ലൈബ്രറി | NIL | |
| ചുറ്റുമതിൽ | ഭാഗികം | |
| കളിസ്ഥലം | ഭാഗികം | |
| അടുക്കള | ഭാഗികം | |
| കമ്പ്യൂട്ടർ ലാബ് | NIL | |
| സ്കൂൾ ബസ് | 1 | |
| സ്റ്റേജ് | NIL | |
| ലാപ്ടോപ്പ് | 3 | 2 |
| സ്മാർട്ട് ടി.വി | 3 | 3 |
| പ്രൊജക്ടർ | 2 | 2 |

Scanned by Camera Scanner

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ അത് സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുക.
* ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, ശിൽപശാലകൾ, എന്നിങ്ങനെ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* ലഹരി വസ്തുക്കളുടെ ബോധവൽക്കരണം, നടത്തുക
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യ ധാരയിലെത്തിക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവു

Scanned by Camera Scanner

മാക്കുക.

* കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനായി Talent Quiz ഓരോ മാസത്തിലും നടത്തുക.
* സ്കൂളിന്റെ തനത് പ്രവർത്തനങ്ങളായ ടാലന്റ് കോർണർ, ന്യൂസ് മാസത്തിൽ ഇറക്കൽ, അക്ഷര ജാലകം എന്ന പേരിൽ കുട്ടി പത്രം വർഷത്തിൽ മൂന്നെണ്ണം, ഇതിൽ രക്ഷിതാക്കൾക്ക് കൂടി അവസരം നൽകി നടപ്പിലാക്കുക.
* ഫാമിലി മാഗസിൻ, വായന മൂല എന്നിവ ക്ലാസ് തലത്തിൽ മെച്ചപ്പെടുത്തി നടപ്പിലാക്കുക.
* വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നിന്നൽ ക്ലബ്, സ്കൂൾ സുരക്ഷ, സമിതി. കൂടുതൽ കാര്യക്ഷമമാക്കുക.
* എല്ലാ തിങ്കളും വ്യാഴവും അസംബ്ലി നടത്തുക. വ്യാഴം - ഇംഗ്ലീഷ് അസംബ്ലി.

Scanned by Camera Scanner

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

* കുട്ടികൾക്ക് കളിസ്ഥലം ഇല്ലായ്മ.
* റോഡിൽ നിന്നും സ്കൂൾ മുറ്റത്തേക്കുള്ള വഴി. ഇന്റർലോക്ക് ചെയ്യേണ്ടതാണ്.
* ചുറ്റുമതിലിന്റെ അഭാവം.
* ഒരു ക്ലാസ് റൂമിന്റെ കുറവുണ്ട്.
* ഹാളിന്റെ അഭാവം.
* Stage, Assembly hall, dining hall

Scanned by Camera Scanner

# വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം - മലയാളം

* കുട്ടികളുടെ അടിസ്ഥാന ശേഷി ഉറപ്പിക്കുന്നതിനായി ഓരോ ക്ലാസിലും തിളക്കം എന്ന പേരിൽ പ്രവർത്തനങ്ങൾ ചെയ്യുന്നു.
* കുട്ടികൾ തയ്യാറാക്കിയ സാഹിത്യ പ്രവർത്തനങ്ങൾ ചേർത്ത് ഒരു മാഗസിൻ തയ്യാറാക്കുന്നു. (ക്ലാസ് തലം)
* പ്രാദേശികമായി ലഭ്യമായ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി കൊണ്ടുള്ള ക്ലാസുകൾ. (വിദ്യാരംഗം).
* ലൈബ്രറി വിപുലീകരണം നടത്തുന്നു.
* ക്ലാസ് തലത്തിൽ വായനാമൂല.
* സാഹിത്യകാരന്മാരുടെ ദിനാചരണങ്ങൾ ആചരിക്കുന്നു (ബഷീർ ദിനം, വായനാദിനം)
* അക്ഷരജാലകം എന്ന പേരിൽ കുട്ടിപത്രം തയ്യാറാക്കുന്നു. (വർഷത്തിൽ മൂന്നെണ്ണം).
* കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി വിദ്യാരംഗത്തിന്റെ കീഴിൽ പ്രശസ്തരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

Scanned by Camera Scanner

# മേഖല- ഗണിതം

* ഗണിത ക്ലബ്ബിന്റെ കീഴിൽ ഗണിത പഠനം രസ-കരവും ആകർഷകവുമാക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

  ഉദാ:- പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിത കളികൾ, Expert class.

* ഗണിത മാഗസിൻ നിർമ്മാണം (ക്ലാസ്തലം)

* ICT യുടെ സഹായത്തോടെ കൂടുതൽ പ്രവർത്ത-നങ്ങൾ നൽകുന്നു.

* ഗണിത പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു

Scanned by Camera Scanner

# മേഖല - പരിസര പഠനം

* ശാസ്ത്രോപകരണ ശിൽപശാല നടത്തിലാബ് തയ്യാറാക്കുന്നു.
* ശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു വിദഗ്ധരുടെ ക്ലാസ്.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്, ചിത്രര ക്ലാസുകൾ, ശാസ്ത്ര മാഗസിൻ എന്നിവ നടത്തുന്നു.
* പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂൾ സൗന്ദര്യവൽക്കരണം നടത്തുന്നു. കൂടുതൽ ചെടികൾ നടന്നു.
* ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.
* ശാസ്ത്ര ലൈബ്രറി വിപുലപ്പെടുത്തുന്നു.
* പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ.

Scanned by Camera Scanner

## മേഖല - English.

* Audio, video clippings on correct pronounciation.
* English reading competition.
* Workshop for students by language experts.
* English book exhibition.
* English assemby.
* Formation of English club.
* IcT facilities.
* Publishing magazines in English.

Scanned by Camera Scanner

## മേഖല. പി.ടി.എ

* ഗൃഹ സന്ദർശനം
* ഉച്ച ഭക്ഷണം പരിപാടിയിൽ പങ്കുകൊള്ളിക്കൽ.
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
* കലാ കായിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം.
* നീന്തൽ പരിശീലനം:- 2025-26 അധ്യായന വർഷത്തിലെ പ്രധാനപ്പെട്ട ഒരു പരിപാടിയാണ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നത്. PTA യുടെ സഹകരണത്തോടെ ഏകരംപാറ കുളത്തിൽ ആഴ്ചയിൽ രണ്ട് ദിവസം (1 ദിവസം ആൺകുട്ടികൾക്കും ഒരു ദിവസം പെൺകുട്ടികൾക്കും) പരിശീലനം നൽകി വരുന്നു. നീന്തൽ അറിയുന്ന കുട്ടികൾക്ക് ഇത് വലിയ ആത്മ വിശ്വാസം നൽകുന്നു. നീന്തൽ അറിയാത്തവർക്ക് പഠിക്കാനുള്ള അവസരമായി ഈ സന്ദർഭം.

Scanned by Camera Scanner